**കേരള സർക്കാർ**

**സംഗ്രഹം**

പൊതുവിദ്യാഭ്യാസം- ഉച്ചഭക്ഷണ പദ്ധതിയുടെ പരിധിയിൽ വരുന്ന സ്കൂൾ കുട്ടികൾക്ക് 2012 ഓണം ഉത്സവത്തോടനുബന്ധിച്ച് സൗജന്യമായി 5 കിലോ അരി വീതം വിതരണം ചെയ്യുന്നത്- അനുമതി നൽകി -ഉത്തരവു പുറപ്പെടുവിക്കുന്നു.

പൊതുവിദ്യാഭ്യാസ (ഡി) വകുപ്പ്

സ.ഉ (സാധാ)നം.4068/2012/പൊ.വി. തീയതി, തിരുവനന്തപുരം,24 /08/2012

പരാമർശം:- 1. 19.8.2011 16.08ലെ സ.ഉ.(സാധാ) 3358/2011/പൊ.വി.വ.

2.12.12.2011 ലെ സ.ഉ.(സാധാ) നം. 5509/11/പൊ.വി.വ

3. പൊതു വിദ്യാഭ്യാസ ഡയറക്ടറുടെ 13.8.2012 ലെ എൻ.എം.3 / 43934/11/ഡി.പി.ഐ., നമ്പർ കത്ത്.

**ഉത്തരവ്**

ഉച്ചഭക്ഷണ പരിപാടിയുടെ പരിധിയിൽ വരുന്ന സ്കൂൾ കുട്ടികൾക്ക് എല്ലാവർഷവും ഓണം ഉത്സവത്തോടനുബന്ധിച്ച് സൗജന്യമായി 5 കിലോഗ്രാം വീതം അരി വിതരണം ചെയ്തുവരുന്നു.

നടപ്പു സ്കൂൾ വർഷം ഉച്ചഭക്ഷണ ഗുണഭോക്താക്കളായി 26,32.539 വിദ്യാർത്ഥികൾ ഉണ്ടെന്നും ഇവർക്ക് 5 കിലോ അരി വീതം വിതരണം നടത്തുന്നതിനു 13163 മെട്രിക് ടൺ അരി വേണ്ടി വരുമെന്നും കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷന്റെ പക്കൽ അധികമായി അരി സ്റ്റോക്ക് ഇല്ലാത്തതിനാൽ ഇത്രയും അരി എ.പി.എൽ നിരക്കിൽ വാങ്ങേണ്ടി വരുമെന്നും സൂചന മൂന്നിലെ കത്തുപ്രകാരം പൊതു വിദ്യാഭ്യാസ ഡയറക്ടർ അറിയിച്ചു.

സർക്കാർ ഇക്കാര്യം പരിശോധിക്കുകയും പൊതു വിതരണ വകുപ്പുമായും. കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷനുമായും, പൊതു വിദ്യാഭ്യാസ ഡയറക്ടറുമായും ചർച്ച ചെയ്തതിന്റെ അടിസ്ഥാനത്തിൽ നിലവിലുള്ള കേന്ദ്ര സർക്കാരിന്റെ ഉച്ചഭക്ഷണ അരിയുടെ അലോട്ട്മെന്റിൽ നിന്നുതന്നെ ആവശ്യമായ അരി കണ്ടെത്താൻ കഴിയുമെന്ന നിഗമനത്തിൽ എത്തുകയും ഇത് ഉപയോഗിച്ച് ഉച്ചഭക്ഷണ ഗുണഭോക്താക്കളായ 26,32,539 സ്കൂൾ കുട്ടികൾക്ക് 2012 ഓണം

ഉത്സവത്തോടനുബന്ധിച്ച് സൗജന്യമായി 5 കിലോ അരി വീതം വിതരണം നടത്തുന്നതിന് പൊതു വിദ്യാഭ്യാസ ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും കേന്ദ്ര സർക്കാരിന്റെ അടുത്ത ക്വാർട്ടറിലെ അലോട്ട്മെന്റിൽ നിന്നും അരി മുൻകൂർ ആയി എടുത്ത് ഉച്ചഭക്ഷണത്തിന് വിതരണം നടത്തുന്നതിന് കേരള സ്റ്റേറ്റ് സിവിൽ സപ്ലൈസ് കോർപ്പറേഷൻ മാനേജിംഗ് ഡയറക്ടർക്ക് അനുമതി നൽകിക്കൊണ്ടും ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിലേക്കാവശ്യമായ 1316[illegible] മെട്രിക് ടൺ അരിയുടെ ട്രാൻസ്പോർട്ടേഷൻ ചാർജ് സൂചന രണ്ടിലെ സർക്കാർ ഉത്തരവിന് വിധേയമായി ഉച്ചഭക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ശീർഷകത്തിൽ നിന്നും പൊതു വിദ്യാഭ്യാസ ഡയറക്ടർ ചെലവഴിക്കേണ്ടതാണ്.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

എം. ശിവശങ്കർ
സെക്രട്ടറി.

പൊതു വിദ്യാഭ്യാസ ഡയറക്ടർ, തിരുവനന്തപുരം.
ഡയറക്ടർ, സിവിൽ സപ്ലൈസ് , തിരുവനന്തപുരം
മാനേജിംഗ് ഡയറകടർ,
കേരള സംസ്ഥാന സിവിൽ സപ്ലൈസ് കോർപ്പറേഷൻ,
മാവേലി ഭവൻ, മാവേലി റോഡ്, ഗാന്ധിനഗർ, കൊച്ചി-682020
ഭക്ഷ്യ -സിവിൽ സപ്ലൈസ് വകുപ്പ്.
വിവര പൊതുജന സമ്പർക്ക വകുപ്പ്.
ധനകാര്യ വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), കേരളം, തിരുവനന്തപുരം.
അക്കൗണ്ടന്റ് ജനറൽ (എ& ഇ) കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ